**C. A. LATHA, IAS**
DISTRICT COLLECTOR &
DISTRICT MAGISTRATE
KOZHIKODE

Phone { Office : 0495 - 2371400
Fax : 0495 - 2370582
Resi : 0495 - 2383500 }

KOZHIKODE - 673 020

Date..............................

കലക്ടറേറ്റ്, കോഴിക്കോട്,
തിയ്യതി: 20/01/2014

# അനുമോദന പത്രം

വേങ്ങേരി 'നിറവ്'ന്റെ വഴുതന കേരള കാർഷിക സർവ്വകലാശാലയുടെ അംഗീകാരം നേടിയതിൽ അഭിനന്ദിക്കുന്നു.

നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന കാർഷിക സംസ്കാരം തിരിച്ചുപിടിക്കാൻ ഭാവനപൂർണ്ണമായ ഇടപെടലും കഠിനാദ്ധ്വാനവും ചെയ്യുന്ന വേങ്ങേരി 'നിറവ്' റസിഡൻസ് അസോസിയേഷൻ പ്രവർത്തകർക്ക് എന്റെ അഭിനന്ദനങ്ങൾ.

അന്യം നിന്നുപോകുമായിരുന്ന 'വേങ്ങേരി വഴുതന'യുടെ വിത്തുകൾ കേരള സർക്കാറിന്റെ പരിസ്ഥിതി-കാലാവസ്ഥ വ്യതിയാന വകുപ്പിന്റെ സഹകരണത്തോടെ കർഷകർക്ക് സൗജന്യമായ് വിതരണം ചെയ്യുന്ന 'നിറവ്'-നെ ജില്ലാ ഭരണകൂടത്തിന് വേണ്ടി അനുമോദിക്കുന്നു.

Latha. CA

സി. എ. ലത
ജില്ലാ കലക്ടർ

**Dr. P. B. SALIM**
DISTRICT COLLECTOR &
DISTRICT MAGISTRATE
KOZHIKODE.

Phone { Office : 0495 - 2371400
Fax : 0495 - 2370582
Resi : 0495 - 2383500

KOZHIKODE - 673 020

# അനുമോദന പത്രം

Date..............................

സമ്പൂർണ്ണ പ്ലാസ്റ്റിക് മാലിന്യ വിമുക്ത കോഴിക്കോട് എന്ന ലക്ഷ്യം കൈവരിക്കാൻ കോഴിക്കോട് ജില്ലാ ജന സമൂഹത്തിന്റെ സമ്പൂർണ്ണ സഹകരണം പ്രതീക്ഷിച്ചുകൊണ്ട് നടപ്പിൽവരുത്താൻ ശ്രമിച്ച Mass Action for Plastic Waste free - Kozhikode(MAP- Kozhikode) കോർപറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ പുനഃചക്രമണ സംവിധാനങ്ങൾ പൂർണ്ണമാകാത്തതുമൂലം ഇനിയും പൂർണ്ണമായി ലക്ഷ്യ പ്രാപ്തിയിൽ എത്തിയിട്ടില്ല എന്ന വിമർശനം ഞാൻ മനസ്സിലാക്കുന്നു.

ലക്ഷ്യബോധവും, ലക്ഷ്യ പ്രാപ്തിക്കായി ഇച്ഛാശക്തിയോടെയുള്ള നിരന്തര പരിശ്രമവും ഏത് പദ്ധതിയുടേയും വിജയത്തിന് അനിവാര്യമാണെന്ന് നമുക്ക് അറിയാം. ഈ സവിശേഷതകളെല്ലാം സ്നേഹവായ്പോടെ സമ്മേളിക്കുന്ന കഥയാണ് വേങ്ങേരി 'നിറവ് റസിഡൻസ് അസോസിയേഷ'നിൽ നമുക്ക് കാണാൻ കഴിയുന്നത്.

നിറവ് ,MAPന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊണ്ട് പ്രവർത്തിച്ച റസിഡൻസ് അസോസിയേഷനാണ് എന്നറിയുന്നതിലും , പറയുന്നതിലും അതീവ സന്തോഷമുണ്ട്. മറ്റെല്ലാ റസിഡൻസ് അസോസിയേഷനുകൾക്കും നിറവ് ഒരു മാതൃകയാണ്. ജില്ലാ തലത്തിലും, സംസ്ഥാന തലത്തിലും സമ്പൂർണ പ്ലാസ്റ്റിക് മാലിന്യ നിർമാർജ്ജനം എന്ന ലക്ഷ്യം കൈവരിക്കാൻ തീർച്ചയായും സാദ്ധ്യമാണ് എന്ന് നിറവിന്റെ വിജയമാതൃക തെളിയിക്കുന്നു.

നിറവ് പ്രവർത്തകർക്ക് എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

25/2/2012

ഡോ. പി.ബി.സലിം